(iii) തുർകി

മധ്യപൗരസ്ത്യ ദേശത്തെ ഇതര ഭൂപ്രദേശങ്ങളുടേതിൽനിന്ന് ഭിന്നമല്ല തുർകിയുടെ ചരിത്രവും. നീണ്ട നൂറ്റാണ്ടുകാലം നിലനിന്ന ഉഥ്മാനീ ഖിലാഫത്, അബ്ബാസികളുടെ കേന്ദ്രഭരണത്തിന് ശേഷം മുസ്‌ലിം ലോകത്തെ ഏകോപിപ്പിച്ച് നിർത്തിയിരുന്ന പ്രബല ശക്തിയായിരുന്നു.

ലോകചരിത്രത്തിൽ ഏറ്റവും ദീർഘമായ കാലം നിലനിന്ന ഭരണകൂടമായിരുന്നു ഉഥ്മാനികളുടേത്. 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ മുസ്ത്വഫാ കമാൽ പാഷ, ഖിലാഫത് ദുർബലപ്പെടുത്തിയതായി പ്രഖ്യാപിക്കുന്നത് വരെ പ്രസ്തുത ഭരണക്രമം ഒരു സജീവ സാന്നിധ്യമായിരുന്നു.

ഖിലാഫതിന്റെ ഔദ്യോഗികമായ വിപാടനം 1924-ലാണ് സംഭവിച്ചതെങ്കിലും വർഷങ്ങൾക്കു മുമ്പു തന്നെ മുസ്‌ലിംലോകത്തെ കൂട്ടിയിണക്കുന്ന കണ്ണി എന്ന സ്ഥാനം അതിന് നഷ്ടപ്പെട്ടിരുന്നു. മുസ്‌ലിം ഭൂപ്രദേശങ്ങൾ മിക്കതും ഒന്നൊന്നായി യൂറോപ്യൻ സാമ്രാജ്യശക്തികൾ പങ്കിട്ടെടുക്കാൻ തുടങ്ങിയിരുന്നു. സിറിയ ഫ്രഞ്ചുകാരുടെയും ഇറാനും ഇറാഖും ഗൾഫ് രാജ്യങ്ങളും ബ്രിട്ടീഷുകാരുടെയും ഫ്രഞ്ചുകാരുടെയും കൈകളിലായി. അതോടെ മധ്യപൗരസ്ത്യ നാടുകളിൽ ഇസ്‌ലാമിക ഭരണവ്യവസ്ഥയുടെ അടിത്തറ തകരുകയും മന്ദഗതിയിലെങ്കിലും തുടർന്നുകൊണ്ടിരുന്ന ഇസ്‌ലാമിക സന്ദേശത്തിന്റെ വ്യാപനത്തിന് വിഘാതം നേരിടുകയും ചെയ്തു. അതിലുപരിയായി ഇസ്‌ലാമിനെക്കുറിച്ച വിഭാവനയിലും കാഴ്ചപ്പാടിലും അനഭിലഷണീയമായ പല പ്രവണതകളും നാമ്പെടുക്കുകയും ചെയ്തു.

അറബി-മുസ്‌ലിം ഭൂപ്രദേശങ്ങളിൽ ആധിപത്യമുറപ്പിച്ച പാശ്ചാത്യ ശക്തികൾ മിക്കതും ചരിത്രപരമായ കാരണങ്ങളാൽ ഇസ്‌ലാമിനോട് പകയുള്ളവരും കൊളോണിയൽ താൽപര്യങ്ങൾ വച്ചുപുലർത്തുന്നവരുമായിരുന്നു. മതം ഭരണ-സാമൂഹിക മേഖലകളിൽ ഇടപെടരുതെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. തത്ഫലമായി സാമൂഹിക- സാമ്പത്തിക മേഖലകളിൽ നിയമനിർമാണത്തിന്റെ പരമാധികാരം ജനങ്ങൾക്കാണെന്ന സിദ്ധാന്തം അവർ പ്രചരിപ്പിച്ചു. ഇതിന്റെ ഫലമായി മധ്യപൗരസ്ത്യ ഇസ്‌ലാമിക നാടുകളിൽ ഈ സങ്കല്പത്തിന് ധാരാളം പ്രചാരകരെ കിട്ടി.

മുസ്‌ലിംനാടുകളിൽനിന്ന് പാശ്ചാത്യർ വിടപറഞ്ഞശേഷവും അവിടത്തെ ജനത ഇസ്‌ലാമിന് പകരം പടിഞ്ഞാറൻ ദർശനങ്ങൾ നിലനിർത്താൻ ഔൽസുക്യം കാണിച്ചത് മേൽപറഞ്ഞ കാരണങ്ങളാലാണ്.

മധ്യപൗരസ്ത്യ ദേശത്തെ ഇസ്‌ലാമിന്റെ വ്യാപന ചരിത്രത്തിൽ ഇടക്കാലത്ത് സംഭവിച്ച മാന്ദ്യം നീങ്ങിത്തുടങ്ങിയത് 20-ാം നൂറ്റാണ്ടിൽ ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ രംഗപ്രവേശം ചെയ്തതോടെയാണ്. ഇന്ന് അവിടെ ഇസ്‌ലാമിക നവജാഗരണത്തിന്റെ അലയൊലികൾ ഏറക്കുറേ എല്ലായിടത്തും ദൃശ്യമാണ്.